
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just Fo Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 10** **May 1996** **No. 2**

## എഡിറേറാറിയൽ

പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ, അംഗവൈകല്യങ്ങൾ, മരണം എന്നിവയെ കുറിച്ച് പലരും ചിന്തിക്കാറില്ല. ജീവിതത്തിന്റെ ഒഴുക്കിൽ പെട്ട് നീന്തിക്കൊണ്ടിരിക്കുന്ന മനുഷ്യർക്ക് മറുവശം ചിന്തിക്കാൻ എവിടെ സമയം? പക്ഷെ അതു സംഭവിച്ചു കഴിയുമ്പോൾ എല്ലാ തിരക്കും മാററിവെച്ച് ആ സാഹചര്യത്തെ അതിജീവിക്കാൻ ശ്രമിക്കും. അങ്ങനെയുള്ള ഘട്ടങ്ങളിൽ എന്തു ചെയ്യണമെന്നു പോലും ആർക്കും ഒരു രൂപവും കിട്ടുകയില്ല. മററുള്ളവർക്ക് സംഭവിക്കുമ്പോൾ നാം വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുക്കും. നമ്മുടെ മനസ് അപ്പോൾ ഉണർന്നു പ്രവർത്തിക്കും. എന്നാൽ സ്വന്ത ജീവിതത്തിൽ, കുടുംബത്തിൽ അതു നടക്കുമ്പോൾ ഇതികർത്തവ്യമൂഢരായി പോകുന്നു. താങ്ങാനാവാത്ത ദുഃഖം, മനസിന്റെ അനിയന്ത്രിതമായ അവസ്ഥ ഇതെല്ലാം അതിനു കാരണം ആകുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങൾക്കു വേണ്ടി ആർക്കും ഒരുങ്ങാൻ സാദ്ധ്യമല്ല. ആർക്കും മുൻകൂട്ടി പ്രവചിക്കാനും സാദ്ധ്യമല്ല. അതുകൊണ്ട് നാം എന്താണ് ചെയ്യേണ്ടത്?

ഏതൊരു രാജ്യത്തും ഏതൊരാൾക്കും ഏതു സമയത്തും ഉണ്ടാകാനിടയുള്ള യാഥാർത്ഥ്യമാണിതു. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നു പറയാറില്ലേ? ശരിയാണ്. പക്ഷെ ഇതിനുവേണ്ടി നാം എന്തു മുൻകരുതലാണ് എടു

ക്കേണ്ടത്? ആദ്യമായി ക്രമരഹിതമായ ജീവിതം, മാററി ക്രമവും ചിട്ടയുമുള്ള ജീവിതത്തിലേക്കു തിരിയുക. ഒരു ചാൺ വയറിനു വേണ്ടി മാത്രം അദ്ധ്വാനിക്കുന്നവരായ ആളുകൾ അവരുടെ ആന്തരികമായ വ്യക്തിത്വത്തെ മറക്കുകയാണ്. രണ്ടാമതായി തൻെറ വഴികളെ ശരിയാക്കാൻ തനിക്കു സാദ്ധ്യമല്ല എന്നു തിരിച്ചറിയണം (സദൃശ്യവാക്യങ്ങൾ 14:12). ദൈവിക വഴി കണ്ടെത്തുവാൻ അവനു അന്വേഷണ ബുദ്ധിയുണ്ടാകണം, അന്വേഷിപ്പിൻ കണ്ടെത്തും എന്നു കർത്താവു പറഞ്ഞിട്ടുണ്ടല്ലൊ. ഇച്ഛാനിവൃത്തി അതിനുശേഷമെ പൂർണ്ണമാകൂ. ആഗ്രഹങ്ങളേക്കാൾ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുന്നവനാണ് ദൈവം. അതിൽ തൃപ്തനാവാൻ നോക്കണം. വിവേകമുള്ള ഹൃദയത്തിനു മാത്രമെ ഇങ്ങനെയുള്ള തൃപ്തി അവലംബമാക്കാൻ കഴിയൂ.

തിരക്കുപിടിച്ചജീവിതത്തിൽ അവിഹിതമായ പലതും പ്രവർത്തിക്കേണ്ടിവരികയാണ് മനുഷ്യർക്ക്. വളഞ്ഞ വഴിയിൽ കൂടെ പോയാലേ അമിതമായ ആദായം ഉണ്ടാക്കാൻ പററു. അങ്ങനെ ദോഷങ്ങളിലേക്കു വഴുതി വീഴുന്നവർ മനന്തഴമ്പിച്ച്, മരവിച്ചു പോകുന്നു. അവരെ ദൈവത്തിൻെറ പ്രവൃത്തികളെ അറിയിക്കുകയാണ് ഇതിൽ ദൈവത്തിൻെറ ഉദ്ദേശം. കർത്താവിൻെറ ബാലശിക്ഷയാണ് ഇതെന്നു തിരിച്ചറിയുകയാണ് വേണ്ടത്. പാപരഹിതമായ ജീവിതത്തിലേക്കു തിരിയുവാൻ സമയമായി എന്നു നമ്മെ അതു ഓർമ്മിപ്പിക്കുകയാണ്. മാനസാന്തരപ്പെടുവാൻ ഇതാ അവസരം എന്നു ഈ പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നു. പക്ഷെ ഇത്തരം സന്ദർഭങ്ങളിൽ ഓരോരുത്തരും ദുഃഖിച്ചുകഴിയുന്നതല്ലാതെ ജീവിതത്തെ മാററുന്നില്ല. മതപരവും ധാർമ്മികവുമായ അവരുടെ തെററുകളെ അവർ ഗ്രഹിക്കുന്നില്ല. അതുകൊണ്ടു വീണ്ടും വീണ്ടും ഇങ്ങനെ പല സ്ഥലത്തായി സംഭവിച്ചുകൊണ്ടിരിക്കും. ദൈവത്തിൻെറ മുന്നറിയിപ്പിനെ അവഗണിക്കാതിരിക്കുക.

★

# കർത്താവിനെ പുകഴ്ത്തുകയോ അതോ അവൻെറ നാമം വൃഥാ എടുക്കയോ

J.C. ചോട്ട്

അനുഗ്രഹിക്കാൻ ഉപയോഗിക്കുന്ന അതേ നാവുകൊണ്ട് നാം ശാപവും തൊടുത്തുവിടുന്നു എന്നാണ് യാക്കൊബ് പറയുന്നത് (യാക്കൊബ് 3:10). ഒരു വായിൽനിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല.

കർത്താവിനെ പാടി പുകഴ്ത്തുവാൻ അവൻ നമുക്കു കല്പന തന്നിട്ടുണ്ട്. പൌലൊസ് എഫേസ്യർക്കു ലേഖനമെഴുതുമ്പോൾ പറയുന്നു ''സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാററിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ'' (എഫെസ്യർ 5:19). കൊലൊസ്സ്യയിലെ സഹോദരന്മാർക്കും എഴുതാണ്ട് ഇതുപോലെ തന്നെ എഴുതി അറിയിക്കുന്നു. ''സങ്കീർത്തനങ്ങളാലും സ്തുതികളാലും അത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിൻെറ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ'' (കൊലൊസ്സ്യർ 3:16). അവസാനമായി എബ്രായലേഖകൻ പറയുന്നു: ''അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിനു അവൻെറ നാമത്തെ ഏററു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക'' (എബ്രായലേഖനം 13:15).

ദൈവത്തെ പുകഴ്ത്തുന്ന നാവ് ദൈവത്തെ ശപിക്കുവാനും മടിക്കുന്നില്ല എന്നതു വ്യക്തമാണ്. അതുപോലെതന്നെ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ള കാര്യമാണ് ആരാധനക്കായി നാം കൂടി വരുമ്പോൾ കർത്താവിനു ഹൃദയത്തിൽ പാട്ടു പാടി അവനെ സ്തുതിക്കേണ്ടതാണ്. നമ്മുടെ അധരഫലമാണ് ദൈവം ആഗ്രഹിക്കുന്നതു. പലരും അതിനെ അത്ര ഗൗരവമായി എടുക്കുന്നില്ല. ഹൃദയത്തിൽ നിന്നുത്ഭവിച്ച് വാക്കുകളായി ചുണ്ടുകളിൽ കൂടെ ഉയരുന്നപുകഴ്ച്ചയാണ് ദൈവം ഇഷ്ടപ്പെടുന്നത്.

ഒരു ക്രിസ്ത്യാനിക്ക് യന്ത്രോപകരണങ്ങൾ കൂടാതെ, ആരാധനക്കു ദൈവത്തെ പാടി സ്തുതിക്കാമല്ലോ. എന്നാൽ ആരാധന അല്ലാത്ത സന്ദർഭങ്ങളിൽ, അതായതു വീട്ടിൽ, മററു ചടങ്ങുകളിൽ, വിവാഹത്തിലോ, ശവസംസ്കാരത്തിലോ വാദ്യോപകരണങ്ങൾ ഉപയോഗിച്ചു പാട്ടു പാടുന്നതിൽ തെററുണ്ടോ എന്നു ചോദിക്കാം. ചിലർ തെററില്ല എന്നും, മററു ചിലർ തെററുണ്ട് എന്നും പറഞ്ഞേക്കാം. എന്നാൽ ഒരു ചോദ്യം ഇവിടെ ഉദിക്കാം. നാം ദൈവത്തെ പുകഴ്ത്താതെ ചെയ്യുന്നതു വെറുതെയല്ലേ? അവൻെറ നാമം വൃഥാ എടുക്കുകയല്ലേ നാം ചെയ്യുന്നത് ? നാം ദൈവത്തെ ആരാധിക്കുമ്പോൾ അധരത്തിലൂടെയുള്ള പാട്ടുകൾ മാത്രം ഉപയോഗിച്ച് ദൈവത്തെ ആദരിച്ചു പുകഴ്ത്താമെന്നിരിക്കെ ചോദ്യങ്ങൾ ഉയരാവുന്ന വാദ്യോപകരണങ്ങൾ ഏതു സന്ദർഭത്തിലും വർജ്ജിക്കുന്നതല്ലേ ഉത്തമം. തന്നെയുമല്ല അതു സഹോദരന്മാർക്കിടയിൽ ഭിന്നത ഉളവാകുന്നുവെങ്കിൽ തീർച്ചയായും അത് ഉപേക്ഷിക്കുക തന്നെ ചെയ്യണം. ഉപകരണത്തെക്കാളും സ്വന്ത ഇഷ്ടത്തെക്കാളും ആത്മാവിനേയും ദൈവത്തിൻെറ ഇഷ്ടത്തെയും നാം കരുതേണ്ടതാണ്. ആരാധന അല്ലാതെ ക്രിസ്തീയ ഗാനങ്ങൾ പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ അപാകതയില്ലെന്നു കണ്ടെത്തുന്നവർ സഹോദരന്മാർക്കിടയിൽ ഉണ്ടാകുന്ന ഭിന്നിപ്പ് കണ്ടില്ലെന്നു നടിക്കുന്നതു തെററാണ്. സഹോദരന്മാർക്കു ഇടർച്ച വരുത്തുന്ന യാതൊ

യാതൊന്നും ചെയ്യാതിരിപ്പാൻ നോക്കികൊാംക. മതപരമായ പാരമ്പര്യമായിരുന്നാലും നാം ബുദ്ധിയോടെ വേണം ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ.

ദൈവവചനത്തിൽ പറയുന്ന കാര്യങ്ങൾ അതേ അർത്ഥത്തിലും വ്യാപ്തിയിലും നാം എടുക്കണം. ക്രമംകെട്ട ജീവിതത്തിനായിട്ടല്ല ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ആളുകളുടെ അഭിരുചിക്കനുസരിച്ചു പ്രവർത്തിക്കാനും നമുക്ക് അനുവാദമില്ല. നാം നോക്കേണ്ടത് ദൈവത്തിന്റെ അഭിരുചിയാണ്. നാം പാട്ടുപാടുന്നതു ആളുകളെ കേൾപ്പിക്കുന്നതിനു വേണ്ടിയാകരുത്. മറിച്ച് ദൈവത്തെ കേൾപ്പിക്കുക എന്ന ഉദ്ദേശം ആയിരിക്കണം. അതിനാണ് ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കുന്നത്. മറിച്ചു ചെയ്യുന്നവർക്ക് മനുഷ്യരിൽ നിന്നു പ്രതിഫലം കിട്ടിപ്പോയി. തർക്കിച്ചു വാദിക്കാൻ പലർക്കും പാടവം ഉണ്ട്. പക്ഷെ ദൈവത്തോട് ആരും തർക്കിച്ച് വാദിക്കാൻ ശ്രമിക്കരുത്.

വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ഗാനം ആലപിച്ച് നടത്തുന്ന നാമധേയവിഭാഗക്കാരുടെ ശവസംസ്കാരത്തിൽ പങ്കുചേരാൻ വ്യക്തിപരമായി എനിക്കു കഴിയുകയില്ല. രണ്ടു കാര്യങ്ങളാണ് എന്നെ അതിൽ നിന്നു പിന്തിരിപ്പിക്കുന്നത്. ഒന്ന് എനിക്ക് എന്റെ മനസാക്ഷിയെ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. രണ്ട്, ഞാൻ ഒരു മാതൃക പിൻപററിക്കൊണ്ടിരിക്കുന്നു. അതിനു വിരുദ്ധമായി പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ശവസംസ്കാരത്തിൽ ഉപകരണങ്ങൾ ഉപയോഗിച്ചു പാടാമെങ്കിൽ എന്തുകൊണ്ട് കർത്തൃദിവസത്തിൽ ആയിക്കൂടാ എന്ന ചോദ്യം ഉണ്ടാവാൻ ഇടയുണ്ട്. ഞാൻ പ്രസംഗിക്കുന്നതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ അതു കാപട്യമാവും. അങ്ങനെ ചെയ്താൽ എന്റെ പ്രസംഗത്തിനു പ്രസക്തി ഇല്ലാതാകും... ആ ഭവനത്തിലുള്ളവരെ ആശ്വസിപ്പിക്കുവാൻ മററ് അവസരങ്ങളിൽ പോകാമല്ലോ.

എന്റെ ശവസംസ്കാരത്തിൽ എന്റെ സഹോദരന്മാരോ, സഹോദരൻമാരല്ലാത്തവരോ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ഗാനം ആലപിക്കുന്നത് എനിക്കു ഇഷ്ടമില്ല എന്നതു ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ആദ്യമായി, സഹോദരങ്ങൾ ഒത്തുചേർന്ന് ഒരു ശുശ്രൂഷ നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തുടർന്ന് ആത്മീയ ഗീതങ്ങൾ അധരങ്ങളാൽ ആലപിക്കാം. പക്ഷെ ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ടുപാടുവാൻ ഞാൻ താല്പര്യപ്പെടുന്നില്ല. കർത്താവിനു പുകഴ്ച്ച കൊടുക്കുവാൻ ഞാൻ ജീവിച്ചിരുന്നപ്പോൾ ഉപകരണത്തോടുകൂടിയ സംഗീതം ഉപയോഗിച്ചിട്ടില്ല. പിന്നെ മരണശേഷം അതു നടത്തുന്നതിന്റെ ആവശ്യവുമില്ല.

എങ്ങനെയായാലും ഇത്തരം പ്രശ്നങ്ങൾ ഉള്ള സ്ഥലത്ത്, ഓരോരുത്തരും മററുള്ളവരോട് ക്ഷമയോടെ പെരുമാറണം എന്നു അപേക്ഷിക്കുന്നു. കാരണം പെട്ടെന്നു ഒററയടിക്ക് എല്ലാം മനസിലാക്കുവാൻ എല്ലാവർക്കും പററിയെന്നു വരികയില്ല. എടുത്തുചാടി ഭിന്നിപ്പ് ഉണ്ടാക്കയുമരുത്. ചിലപ്പോൾ സഹോദരങ്ങൾ ഇതിന്റെ പേരിൽ ചേരിതിരിയാറുണ്ട്. എന്നാൽ അവർക്കു കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള അവസരം കൊടുക്കണം. ഭിന്നിപ്പിനു നിദാനമായിരിക്കുന്നതു മിക്കപ്പോഴും സ്വാർത്ഥത, നായകത്വത്തോടുള്ള പോരാട്ടം, ഏതെങ്കിലും കാര്യത്തെ ചൊല്ലിയുള്ള വിയോജിപ്പ് എന്നതായിരിക്കും. യഥാർത്ഥമായ ഐക്യത ആഗ്രഹിക്കുന്ന ആരും കലഹിച്ച് പിൻമാറുകയില്ല. സത്യത്തിനു കീഴ്പ്പെട്ടു യോജിപ്പിൽ നിരന്നുകൊള്ളുക. സ്നേഹമാണ് ഇതിനു പററിയ പ്രതിവിധി.

ഇന്നത്തെ മതപരമായ ആളുകൾ അധികപങ്കും ഇങ്ങനെയുള്ള വിഭജനത്തിൽ സന്തുഷ്ടരാണ്. നിസാരമായ കാര്യങ്ങളെച്ചൊല്ലി വേർപിരിയുന്നതു കണ്ടു രസിക്കുകയാണവർ. പക്ഷെ നാം തുടർച്ചയായി ദൈവവചനം പഠിക്കയും

പരിജ്ഞാനം പ്രാപിക്കയും ചെയ്യണം. തെററും ശരിയും വിവേചിച്ച് മനസിലാക്കണം. നമ്മെ ഭിന്നിക്കുവാൻ അനുവദിക്കാതെ ഐകമത്യത്തിൽ കാത്തുകൊള്ളേണ്ടതിനു നാം വചനത്തിൽ നിലനിൽക്കണം. ബൈബിൾ എന്തു പഠിപ്പിക്കുന്നുണ്ടോ അതിൽ നമുക്ക് എല്ലാവർക്കും യോജിച്ച് ക്രിസ്തുവിൽ ഒന്നായി നാം വർത്തിക്കണം.

പാട്ടു പാടുമ്പോഴെല്ലാം, അതു ആരാധനാസമയത്തായാലും മററു സമയങ്ങളിൽ ആയാലും നാം കർത്താവിനു മഹത്വവും പുകഴ്ച്ചയും കൊടുക്കേണ്ടതിനായിരിക്കണം ചെയ്യുവാൻ. അല്ലാതെ ലക്ഷ്യം മറെറാന്നായി മാറരുത്. അങ്ങനെ മാറിയാൽ നാം കർത്താവിനെ തരംതാഴ്ത്തുകയും അവൻെറ നാമം വൃഥാ എടുക്കയും ആണ് ചെയ്യുന്നത്.

★

# പത്രോസിൻെറ പ്രവർത്തനങ്ങൾ

## ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ (മത്താ: 26:36:44). യേശു ഇപ്രകാരം മൂന്നു പ്രാവശ്യം ചെന്നിരുന്നു പ്രാർത്ഥിച്ചു. അപ്പോഴെല്ലാം ശിഷ്യന്മാർ ഉറക്കത്തിൽ ആയിരുന്നു. എന്നാൽ പത്രോസിനെ മാത്രമെ യേശു കുററപ്പെടുത്തിയിരുന്നുള്ളൂ. ഇതിനു കാരണം യേശു പത്രോസിൻെറ വിശ്വസ്തത മനസിലാക്കിയതു കൊണ്ടായിരിക്കാം.

യേശുവിനോടു വിശ്വസ്തനായിരുന്ന പത്രോസ് സുവിശേഷ പ്രവർത്തനങ്ങളിൽ അത്ഭുതങ്ങളും അടയാള

ങ്ങളും കാണിച്ചുകൊണ്ട്, അനേകം കഷ്ടതകളും പ്രയാസങ്ങളും സഹിച്ചു പ്രവർത്തിച്ചു. അനേകരെ അവൻ മാനസാന്തരപ്പെടുത്തി. സുവിശേഷ പ്രചരണത്തിനിടയിൽ പത്രോസ് ഒരിക്കൽ തെററി. പൗലോസ് അവനെ ശാസിച്ചു. അന്ത്യോക്യയിൽ വച്ചായിരുന്നു ഇതു സംഭവിച്ചത്. യാക്കോബിൻെറ അടുക്കൽ നിന്നു ചിലർ വരും മുമ്പെ അവൻ ജാതികളോടുകൂടെ തിന്നുപോന്നു. അവർ വന്നപ്പോഴൊ അവൻ പരിച്ഛേദനക്കാരെ ഭയപ്പെട്ടു പിൻവാങ്ങിപ്പിരിഞ്ഞു നിന്നു. ശേഷം യെഹൂദന്മാരും അവനോടുകൂടെ കപടം കാണിച്ചതുകൊണ്ട് ബർന്നബാസും അവരുടെ കപടത്താൽ തെററിപ്പോകുവാൻ ഇടവന്നു. അവർ സുവിശേഷത്തിൻെറ സത്യം അനുസരിച്ചു ചൊവ്വായി നടക്കുന്നില്ല എന്നു കണ്ടിട്ടു പൗലോസ് എല്ലാവരും കേൾക്കെ പത്രോസിനെ കുററപ്പെടുത്തി. അതു കുററമാണെന്നു പത്രോസ് മനസ്സിലാക്കി. പിന്നെ അപ്രകാരം അവൻ ചെയ്തിട്ടുമില്ല (ഗലാ: 2:11-21).

പത്രോസിൻെറ പ്രവർത്തനങ്ങളെ മൊത്തത്തിൽ വിലയിരുത്തിയാൽ ഭൗതികമായി ക്രിസ്തുവിനോടു കൂടെ അവൻ ജീവിച്ചിരുന്നപ്പോൾ അവൻെറ ഉപദേശങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടു പ്രവർത്തിച്ചു. പല അവസരങ്ങളിലും തെററുകളിൽ വീഴുകയും ചെയ്തു. മരിച്ചു സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തുവിൻെറ ശക്തിയിൽ അവൻ ജീവിച്ചപ്പോൾ ഒരിക്കൽ മാത്രമേ അവൻ തെററിയുള്ളു. അതു പൗലോസ് ചൂണ്ടിക്കാണിച്ചപ്പോൾ അവൻ തിരുത്തി പിന്നെ ആവർത്തിച്ചതുമില്ല. പത്രോസിൻെറ പ്രവർത്തനങ്ങൾ സുവിശേഷ പ്രചരണത്തിനു വളരെ ഉപകരിച്ചു.

★

# ബദ്ധന്മാരല്ല

ഗ്ലെൻ കോളെ

**അ**ടിക്കടി ചർച്ച ചെയ്യപ്പെട്ട പ്രധാനപ്പെട്ട വിഷയങ്ങൾ ഉൾക്കൊള്ളുന്ന വേദഭാഗമാണല്ലൊ ഒന്നു കൊരിന്ത്യർ 7-ാം അദ്ധ്യായം. വിവാഹം, വിവാഹമോചനം, പുനർവിവാഹം എന്നിവയെ സംബന്ധിച്ച ചോദ്യങ്ങൾക്ക് അവിടെ ഉത്തരം കണ്ടെത്താവുന്നതാണ്. വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വിവാഹബന്ധത്തെ ഓർമ്മിപ്പിച്ചുകൊണ്ടു പറയുന്നത്: അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ. ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല. എന്നാൽ സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

ബദ്ധരായിരിക്കുന്നില്ല എന്നതുകൊണ്ട്, ഒരു വിശ്വാസിക്കു അവിശ്വാസിയായ പങ്കാളി ഉണ്ടെങ്കിൽ ആ പങ്കാളിയെ ഉപേക്ഷിച്ച് മറ്റൊരു വ്യക്തിയെ ജീവിതപങ്കാളിയാക്കാമെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. ഉപേക്ഷിക്കുവാനും പുനർവിവാഹം നടത്തുവാനും ഉള്ള അവസരമായി ഇതിനെ കാണരുത്. അതായത് അവിശ്വാസി സ്വയമായി വേർപിരിയുന്നു എങ്കിൽ അങ്ങനെയാകട്ടെ എന്നർത്ഥം. പരസംഗം നിമിത്തം അല്ലാതെ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല എന്നാണ് കർത്താവ് പഠിപ്പിച്ചത്. വിവാഹം കഴിച്ചവർ പുനർവിവാഹം ചെയ്യുവാൻ രണ്ടു കാരണങ്ങൾ കൂടിയേ തീരൂ. ഒന്നുകിൽ ഭാര്യ മരണമടയണം അല്ലെങ്കിൽ വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെടണം. അതു ഭർത്താവിനെ സംബന്ധിച്ചും വാസ്തവമാണ്. കർത്താവിന്റെ

തന്നെ പ്രസ്താവന നമുക്കു പരിശോധിക്കാം. ''ഞാനോ നിങ്ങളോടു പറയുന്നതു: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറെറാരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു (മത്തായി 19:9).

ഒന്നു കൊരിന്ത്യർ 7-ാം അദ്ധ്യായം പതിനഞ്ചാം വാക്യവും തുടർന്നുള്ള ഭാഗവും പരിശോധിക്കുമ്പോൾ രണ്ടു കാര്യങ്ങൾ അതിൽ നിന്നു ഉയർന്നു വരും. 1 അവിശ്വാസിയായ തുണ വേർപിരിയുന്നു എന്നിരിക്കട്ടെ. അതിൽ ഒരു സഹോദരനോ സഹോദരിയോ കടപ്പെട്ടിരിക്കുന്നില്ല. എന്നാൽ ചിലർ അതു വിവാഹമോചനത്തിനും പുനർവിവാഹത്തിനും ഒരു മറയാക്കി മാററുന്നു. 2 ബദ്ധരായിരിക്കുന്നില്ല എന്നതിന്റെ അർത്ഥം അവിശ്വാസിയായ പങ്കാളി വിശ്വാസിയിൽ നിന്നു അകലുമ്പോൾ, ക്രിസ്ത്യാനിയായി ജീവിക്കുവാൻ ആ വ്യക്തി തീരുമാനിക്കയാണല്ലോ. അതിനു ഭീഷണിയോ ഇടർച്ചയോ ആകുന്നു എങ്കിലേ വേർപിരിയാവു എന്നതാണ് ശരി. അവിശ്വാസിയുടെ ആഗ്രഹത്തിനൊത്തു ആത്മീയ വിട്ടുവീഴ്ചക്ക് വിശ്വാസി തയ്യാറാകുകയില്ല. ഭർത്താവിനെ പ്രസാദിപ്പിക്കുവാൻ വേണ്ടി ഭാര്യയോ, ഭാര്യയെ സന്തോഷിപ്പിക്കുവാൻ വേണ്ടി ഭർത്താവോ ക്രിസ്തുവിനേയോ ക്രിസ്തുവിന്റെ ഉപദേശങ്ങളെയോ ബലികഴിക്കരുത് എന്നർത്ഥം.

പതിനാറാം വാക്യം നമുക്കു വായിക്കാം. സ്ത്രീയേ നീ ഭർത്താവിനു രക്ഷ വരുത്തും എന്നു നിനക്കു എങ്ങനെ അറിയാം? പുരുഷാ, നീ ഭാര്യക്കു രക്ഷ വരുത്തും എന്നു നിനക്കു എങ്ങനെ അറിയാം? വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വിവാഹബന്ധം കൊണ്ട് അവിശ്വാസി

യെ രക്ഷിക്കാൻ കഴിയും എന്നു ആരെങ്കിലും കരുതുന്നുവെങ്കിലും അവർക്ക് എങ്ങനെ അതു ഉറപ്പിക്കാൻ കഴിയും എന്നതാണ് ചോദ്യം. ഏതിലും ആത്മാവിൻെറ രക്ഷയാണ് പ്രാമുഖ്യമേറിയത്. അതിനു വിഘാതമായി തീരുന്നതെന്തും നീങ്ങിപ്പോകുന്നുവെങ്കിൽ അതു നല്ലതാണ് എന്ന് നാം ഗ്രഹിക്കണം.

അവിശ്വാസിയെ വേർപിരിയുന്ന ഒരു വ്യക്തിക്കു ആ അവിശ്വാസിയെ രക്ഷിക്കുവാനുള്ള കടമ ഉണ്ടല്ലോ. അതു നിറവേററുവാൻ കഴിയാതെ വരുന്ന അവസരം ഉണ്ടാക്കരുത്. സ്നേഹത്താൽ വ്യാപരിക്കുന്ന ആത്മാവുള്ള വിശ്വാസി, തൻെറ തുണയുടെ ആത്മീയ ജീവിതം സുരക്ഷിതമാക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഈ വാക്യത്തെ ഒരിക്കലും തെററായി ഉപയോഗിക്കയില്ല. കർത്താവിനോടുള്ള പ്രതിബദ്ധതയാണ് ഒരു വിശ്വാസി സൂക്ഷിക്കേണ്ടത്. ശാരീരികമായ ബന്ധം ക്രിസ്തീയ ജീവിതത്തിനു തടസമാണെങ്കിൽ, അപ്രകാരമുള്ള വിവാഹബന്ധം വേർപിരിയുവാൻ അവിശ്വാസി മുൻകൈ എടുത്തു മാറുന്നു എങ്കിൽ മാറട്ടെ. അതിൽ വിശ്വാസിക്കു ദുഃഖിക്കുവാൻ ഒന്നുമില്ല. ഒരുപക്ഷെ അയാാം മാനസാന്തരപ്പെട്ടു തിരിച്ചുവന്നാൽ സ്വീകരിക്കാനും വിശ്വാസി തയ്യാറാകണം.

ഒരു സഹോദരനു, അവിശ്വാസിയായ ഭാര്യ ഉണ്ടായിരിക്കയും അവാം അവനോടുകൂടെ പാർപ്പാൻ സമ്മതിക്കയും ചെയ്താൽ അവളെ ഉപേക്ഷിക്കരുത്. അവിശ്വാസിയായ ഭർത്താവുള്ള സ്ത്രീയും, അവൻ അവളോടു കൂടെ പാർപ്പാൻ സമ്മതിക്കും എങ്കിൽ, ഭർത്താവിനെ ഉപേക്ഷിക്കരുത്. അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കാം അശുദ്ധർ എന്നു വരും. ഇപ്പോഴൊ അവർ വിശുദ്ധന്മാർ ആകുന്നു (1കൊരിന്ത്യർ 7:12-14).

★

# വീണ്ടും ജനിക്കുന്നത് എങ്ങനെ?

## സണ്ണി ഡേവിഡ്

എങ്ങനെ വീണ്ടും ജനിക്കാം എന്ന തലക്കെട്ടോടു കൂടിയ ഒരു ലഘുലേഖ ഇപ്പോൾ കിട്ടുകയുണ്ടായി. അതിൽ പിന്നെയും ചില കാര്യങ്ങൾ കൂടെ കാണുന്നുണ്ട്. ഈ പ്രാർത്ഥന നിങ്ങളുടെ സ്വന്തം പ്രാർത്ഥനയാക്കി തീർക്കുക എന്നു പറഞ്ഞിരിക്കുന്നു. അതിൽ പറയുന്നതു ഇപ്രകാരമാണ്: "പ്രിയ സ്വർഗ്ഗീയ പിതാവേ, നിന്റെ ഏകജാതനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്റെ അടുക്കൽ വരുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കേണമെന്നു ഞാൻ നിന്നോടു യാചിക്കുന്നു. നിന്റെ അടുക്കൽ വരുന്നവരെ ആരെയും നീ ഉപേക്ഷിക്കയില്ല എന്നു പറഞ്ഞിട്ടുണ്ടല്ലൊ അതുകൊണ്ട് യേശുവേ നീ എന്റെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും വരേണമേ. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ എവരും രക്ഷിക്കപ്പെടും എന്നു നീ അരുളിച്ചെയ്തിട്ടുണ്ടല്ലൊ കർത്താവേ, ഞാൻ നിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു ആമേൻ".

വീണ്ടും ജനനമെന്നാൽ എന്താണ് എന്ന് ബൈബിളിൽ പഠിപ്പിക്കുന്നതു കാര്യമാക്കാത്തവർക്കും അറിവില്ലാത്തവർക്കും മുകളിൽ വിവരിച്ച പ്രാർത്ഥന; നല്ലതും ആകർഷകവും, ശരിയുമാണെന്നു തോന്നിപ്പോകും. ഒരാൾ വീണ്ടും ജനിക്കേണ്ടതിനു എന്താണ് ചെയ്യേണ്ടതെന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു മുകളിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ എല്ലാവരും വീണ്ടും ജനിക്കണമെന്നു ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്യുന്നു (യോഹന്നാൻ 3:3-5). ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ

(ശേഷം 22-ാം പേജിൽ)

# ദൈവത്തിൽ നിന്നുള്ള സത്യം

**മാർക്ക് ഹൂപ്പർ**

**ലോ**കത്തിൽ ഇന്നു അനവധി മതങ്ങൾ, ദൈവത്തിൽ നിന്നുള്ള സത്യം അവർക്കു ലഭിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്നുണ്ട്. എങ്ങനെയായാലും ഈ പഠനം സൂക്ഷ്മമായി പരിശോധിച്ചാൽ അവർ അവകാശപ്പെടുന്ന സത്യത്തിൽ വൈപരീത്യം ഉൾക്കൊള്ളുന്നതായി കാണാം. ദൈവത്തിങ്കലേക്കു അവ ഓരോന്നും ഓരോ വഴികളെ എടുത്തു കാണിക്കുന്നു. ദൈവവുമായി ഐക്യത കൈവരിക്കാൻ, പാപങ്ങളിൽ നിന്നു മോചനം കിട്ടുവാൻ ഇതല്ലാതെ മററു മാർഗ്ഗമില്ലെന്ന ഓരോരുത്തരുടെയും അവകാശവാദങ്ങൾ വിശകലനം ചെയ്യേണ്ടതാണ്. അറിയപ്പെടുന്ന എല്ലാ വഴികളും എല്ലാ മതങ്ങളും ശരിയാവാൻ സാദ്ധ്യമല്ല. ഈ പ്രപഞ്ചത്തേയും പ്രപഞ്ചത്തിലുള്ളതിനേയും ഉണ്ടാക്കിയ ദൈവം ഏകനായതുകൊണ്ട് ആ ദൈവത്തെ സംബന്ധിച്ച സത്യവും ഏകമായിരിക്കും.

ദൈവത്തെയും മതത്തെയും കുറിച്ച് പ്രചരിക്കപ്പെട്ടിട്ടുള്ള തെററിദ്ധാരണകളധികവും മനുഷ്യരുടെ തോന്നലുകളിൽ നിന്നും വ്യത്യസ്ഥ വിശ്വാസങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നതാണ്. മനുഷ്യനു തന്റെ ഉള്ളിൽ സത്യമെന്നു തോന്നുന്നതു സത്യമായിരിക്കണമെന്നില്ല. ഭൂമി പരന്നതാണെന്നായിരുന്നു പണ്ടത്തെ ആളുകളുടെ വിശ്വാസം. ഇന്ന് അത് തെററാണെന്നു നമുക്ക് അറിയാം. ഭൂമി ഉരുണ്ടതാണെന്നു സംശയാതീതമായി തെളിയിക്കപ്പെട്ടു കഴിഞ്ഞു. ചിലർ എന്തു വിചാരിച്ചാലും ഭൂമി ഉരുണ്ടതു തന്നെയാണ്. വ്യക്തികളുടെ തോന്നലുകളുമായി ഒരു തികഞ്ഞ സത്യം ഉണ്ട്. ആകയാൽ ദൈവത്തെക്കുറിച്ചുള്ള തികഞ്ഞ സത്യം എന്താണ്? മനുഷ്യനു ദൈവ

ത്തിന്റെ പൂർണ്ണ സത്യം മനസ്സിലാക്കാൻ കഴിയുമോ? അവന്റെ ഉദ്ദേശത്തെ അറിയുവാൻ കഴിയുമോ? മനുഷ്യനെ ആത്മീക സത്യം അറിയാത്ത അന്ധകാരത്തിലേക്കു തള്ളിവിട്ടിരിക്കയല്ല ദൈവം ചെയ്തത്. അവൻ അതു മനുഷ്യർക്കു ഗ്രഹിക്കത്തക്കവണ്ണം വെളിപ്പെടുത്തിയിരിക്കയാണ്. അതുകൊണ്ടു ദൈവത്തെ സംബന്ധിച്ച പൂർണ്ണമായ സത്യം എവിടെയാണുള്ളത്?

ദൈവത്തിന്റെ സത്യം അടങ്ങുന്നു എന്ന് അവകാശപ്പെടുന്ന മതഗ്രന്ഥങ്ങൾ ഓരോന്നും പരസ്പര വിരുദ്ധ ആശയങ്ങൾ അടങ്ങുന്നതാണ്. ദൈവം കലക്കത്തിന്റെ ദൈവമല്ലായ്കയാൽ ഇവയെല്ലാം ദൈവത്തിൽ നിന്നല്ല എന്നു തീർച്ചയാക്കാം. ദൈവിക നിലവാരം പുലർത്തുന്നവയാണോ എന്നു ഓരോ പുസ്തകവും പരിശോധിക്കണം. ഈ പരിശോധനയിൽ ഒന്നു മാത്രമാണ് വിജയിച്ചിട്ടുള്ളത്. കാലം, ചരിത്രം, ശാസ്ത്രം, കണ്ടുപിടിത്തങ്ങൾ, നിഷേധിക്കാനാവാത്ത അത്ഭുതങ്ങൾ എന്നിവ അതിൽ ഉൾപ്പെട്ടിരിക്കുന്നു. അതാണ് സത്യവേദപുസ്തകം. അനേക രീതിയിൽ പരീക്ഷിച്ച് സത്യമാണെന്നു തെളിയിക്കപ്പെട്ടിട്ടുള്ള പുസ്തകമാണ് ബൈബിൾ.

## സന്ദേശത്തിന്റെ ഐക്യത

ഏതാണ്ട് ആയിരത്തി അറുന്നൂറു വർഷങ്ങൾക്കുള്ളിൽ നാല്പതു എഴുത്തുകാരാൽ എഴുതപ്പെട്ട തിരുവചനത്തിൽ യാതൊരു വ്യത്യാസവും ഇല്ല എന്നതു തെളിയിക്കപ്പെട്ട പ്രത്യേകതയാണ്. ഇതെങ്ങനെ സാദ്ധ്യമായി? ഈ എഴുത്തുകാരിൽ ദൈവം നേരിട്ടു പ്രവർത്തിച്ചു. അതാണ് ദൈവശ്വാസീയം എന്നു പറയുന്നത്. അതുപോലെ തന്നെ 66 പുസ്തകങ്ങളാണ് ബൈബിളിൽ ആകെയുള്ളത്. ഈ പുസ്തകങ്ങളിലെല്ലാം തന്നെ പൊതുവായി ഒരു വിഷയത്തെയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. മനുഷ്യരക്ഷ എന്നതാണ് അത്. യേശുക്രിസ്തുവിലുള്ള വിശ്വാസ

ത്തിൽ പാപികൾക്കു രക്ഷയുണ്ട്. രാജാക്കന്മാർ മുതൽ മുക്കുവന്മാർ വരെ ഇതു എഴുതുവാൻ ദൈവം തിരഞ്ഞെടുത്തു. അവരുടെ എഴുത്തുകൾ എല്ലാം ഐക്യത നിറഞ്ഞു നിൽക്കുന്നു. ദൈവത്തിൽ നിന്നുള്ള സത്യമാണ് അവർക്കു ലഭിച്ചത്.

## പ്രവചനവും നിറവേറലും

ഭാവി സംഭവങ്ങളെ മുൻകൂട്ടി പ്രവചിച്ചിരുന്നതായി ബൈബിളിലെ ഏതാനും എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവാചകന്മാർ പ്രസ്താവിച്ച കാര്യങ്ങൾ ഭാവിയിൽ സംഭവിക്കുമ്പോൾ അതു ദൈവം സംസാരിച്ചിരുന്നതായിരുന്നു എന്ന് ഉറപ്പിക്കാം. അങ്ങനെയുള്ള തെളിവുകൾ കണ്ടില്ലെന്നു നടിക്കുന്നത് ഖേദകരമത്രെ. ബൈബിൾ പ്രവചനങ്ങൾ ഒക്കെയും അവ സംഭവിക്കുന്നതിനു വളരെ മുമ്പു തന്നെ മുന്നറിയിച്ചിട്ടുള്ളതാണ്. യേശുക്രിസ്തു ജനിക്കുന്നതിനു 750 വർഷം മുൻപ് ജീവിച്ചിരുന്ന പ്രവാചകനായിരുന്നു മീഖാ. യേശുക്രിസ്തു യെഹൂദ്യയിലെ ബേത്ലഹേമിൽ ജനിക്കുമെന്നു പ്രവാചകൻ അരുളിച്ചെയ്തിരുന്നു (മീഖാ 5:2,9). അവന്റെ ജനനം കന്യകയിൽ കൂടെ ആയിരിക്കുമെന്നു യെശയ്യാവ് പ്രവചിച്ചിരുന്നു (യെശയ്യാവ് 7:14). ഇവർക്ക് ഇതെങ്ങനെ അറിയാൻ കഴിഞ്ഞു? ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്തു എന്നതാണ് സത്യം.

## ശാസ്ത്രീയമായ മുന്നറിവ്

ശാസ്ത്രീയമായ കൃത്യതയാണ് ബൈബിൾ സത്യമാണെന്നുള്ളതിന്റെ മറ്റൊരു തെളിവ്. ഞാൻ മുൻപ് പറഞ്ഞതുപോലെ ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപ് ആളുകൾ ധരിച്ചുവച്ചിരുന്നത് ഭൂമി പരന്നതായിരുന്നു എന്നാണ്. എന്നാൽ യെശയ്യാവ് 750 വർഷങ്ങൾക്കു മുൻപു തന്നെ ഭൂമി വൃത്താകൃതിയിലുള്ളതാണെന്നു വ്യക്തമാക്കിയിരുന്നു (യെശയ്യാവ് 40:22). ക്രിസ്തുവിനു

ആയിരം വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന ദാവീദ് സമുദ്രത്തിൽ മാർഗ്ഗമുണ്ടെന്നു രേഖപ്പെടുത്തി (സങ്കീർത്തനം 8:8). മാത്യുമോറെ ഇതു വായിച്ചു സമുദ്രസഞ്ചാരപാത കണ്ടുപിടിക്കുന്നതു വരെ ആരും ഇതു കാര്യമായി കണക്കാക്കിയിരുന്നില്ല. വിശ്വസിച്ചിരുന്നിരിക്കയില്ല. ഇന്നു ധാരാളം കടൽ സഞ്ചാരികൾ ഈ മാർഗ്ഗത്തെ ഉപയോഗിക്കുന്നു എന്നതാണ് സത്യം.

## ചരിത്രപരമായ സത്യം

ബൈബിളിൽ വിവരിച്ചിരിക്കുന്ന ഹിത്യർ എന്ന ജാതികളെ സംബന്ധിച്ച് അനേക വർഷങ്ങളോളം പണ്ഡിതന്മാർക്കിടയിൽ വിശ്വസിക്കാൻ പ്രയാസമായിരുന്ന ഒന്നായിരുന്നു അത് (ഉല്പത്തി 15:20). കാരണം അവർ ഭൂമിയിൽ നിലനിന്നിരുന്നതിന്റെ യാതൊരു രേഖയും അവർക്കു ലഭിച്ചിരുന്നില്ല. എന്നാൽ അടുത്തകാലത്തു കണ്ടുപിടിച്ചതായ മിസ്രയീമ്യരുടേയും അശ്ശൂര്യരുടേയും രേഖകളിൽ ഈ ഹിത്യരെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 700 വർഷങ്ങളോളം പ്രശസ്തരായിരുന്നു അവർ എന്നു ഈ രേഖകളിൽനിന്നു കണ്ടെടുത്തു. അതുപോലെതന്നെ ഗല്ലിയോൻ എന്ന ദേശാധിപതി അഖായയിൽ വാണിരുന്നതായി ലൂക്കൊസ് വിവരിച്ചിട്ടുണ്ട് (പ്രവൃത്തി 18:12). ബൈബിളിനു പുറത്തു നിന്നു ഇതു ശരിയോ എന്നു പരിശോധിക്കുവാൻ യാതൊരു തെളിവും കിട്ടാതിരുന്നതുകൊണ്ട് ആളുകൾ വിചാരിച്ചതു ബൈബിളിൽ അങ്ങനെ ഒരു തെററു സംഭവിച്ചു എന്നായിരുന്നു. പക്ഷെ കൊരിന്ത്യയിൽ നിന്നു കണ്ടെടുത്ത ഒരു കല്ലിൽ കൊത്തിയിരുന്നത് പരിശോഷപ്പെടുത്തിയപ്പോൾ ഗല്ലിയോൻ അഖായയിലെ ദേശാധിപതി A.D. 51-52 എന്ന് എഴുതിയിരുന്നു. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാം സത്യമാണ് എന്ന് നമുക്ക് ഉറപ്പിക്കാം.

★

# സഭ-പ്രവചനത്തിൽ-നിവർത്തീകരണവും

**ബിൽ ബ്രൗൺ**

**തി**രുവെഴുത്തിൽ ദൈവത്തിന്റെ അരുളപ്പാടുകളും ധാരാളം പ്രവചനങ്ങളും കാണാമല്ലോ. ഓരോ വിഷയത്തെയും സംഭവത്തെയും ദൈവം മുൻകൂട്ടി അറിയിച്ചിരുന്നതായി പഴയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം പിൽക്കാലത്തു നിറവേറുകയും ചെയ്തിട്ടുണ്ട്. ലോകത്തിൽ ജനിച്ചു വളർന്നു ജീവിക്കുന്ന ഏതൊരാൾക്കും അതിന്റെ ആവശ്യകതയെ അവഗണിക്കാൻ സാദ്ധ്യമല്ല.

"അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതയിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. (യെശയ്യാവ് 2:2,3).

അന്ത്യകാലമെന്നതു ഭൂമിയിലെ അവസാന സമയത്തെ ഉദ്ദേശിച്ചു പറഞ്ഞിരിക്കയാണ്. "ദൈവം പണ്ടു ഭാഗംഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു."

(എബ്രായർ 1:1-2). അന്ത്യകാലത്തു സംഭവിക്കുവാനുള്ള പ്രവചനമായിരുന്നല്ലൊ നാം യെശയ്യാവിൽ നിന്നു കേട്ടത്.

ഒരേ ഒരു കാര്യമായ സഭയേയും രാജ്യത്തേയും മാറി മാറി ഉപയോഗിച്ചിരിക്കയാണ് പ്രവാചകന്മാർ. യേശു ക്രിസ്തുവിനു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നു പ്രസംഗിച്ചു. തുടർന്നു വന്ന യേശുക്രിസ്തുവിൻെറ സന്ദേശവും മറെറാന്നായിരുന്നില്ല. ദൈവരാജ്യം ശക്തിയോടു കൂടി വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ നിങ്ങളിൽ ചിലർ ഉണ്ട് എന്നു കർത്താവ് പുരുഷാരത്തോടു പറയുകയുണ്ടായി (മർക്കൊസ് 9:1). ദൈവരാജ്യത്തെക്കുറിച്ച് യേശുക്രിസ്തുവിൻെറ പ്രവചനം ആയിരുന്നു അത്. പിന്നീട് അവൻ തൻെറ ശിഷ്യന്മാരുമായി സംസാരിക്കുമ്പോഠം അവരോടു: ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും. സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ ഞാൻ നിനക്കു തരുന്നു. എൻെറ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു (ലൂക്കൊസ് 24: 49).

യേശുക്രിസ്തുവിൻെറ വാഗ്ദാനത്തിൽ അപ്പൊസ്തലന്മാർക്കു പൂർണ്ണമായ വിശ്വാസം ഉണ്ടായിരുന്നു. അതുകൊണ്ട് അവർ യെരൂശലേമിൽ തന്നെ ആയിരുന്നു. പെന്തെക്കൊസ്തു നാളിൽ അവർ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാററടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കമുണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകഠം അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തൻെറ മേൽ പതിഞ്ഞു.

എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്കു ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തി 2 1-4). അപ്പോൾ പത്രോസ് കൂടി വന്നവരുടെ സംശയദൂരീകരണം നടത്തുന്നുണ്ട്. ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു സംഭവിക്കുന്നതാണ് എന്നു വ്യക്തമാക്കി അങ്ങനെ അവിടെ കുടിവന്നിരുന്ന ആളുകൾക്കു പത്രോസ് തനിക്കു ലഭിച്ച സുവിശേഷമെന്ന ദൈവരാജ്യത്തിൻെറ താക്കോൽ ഉപയോഗിക്കുകയും അവൻെറ വാക്കു കൈക്കൊണ്ടവർ സ്നാനമേൽക്കുകയും ചെയ്തു. അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു (പ്രവൃത്തി 2:41).

കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർക്കുന്നുണ്ടായിരുന്നു (പ്രവൃത്തി 2:47). അങ്ങനെ സഭ (രാജ്യം) യെശയ്യാവ് പ്രവചിച്ചതുപോലെ ആരംഭിച്ചു (യെശയ്യാവ് 2:2-3). താമസിച്ചു പോയാലോ സത്യത്തിൻെറ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിൻെറ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു (1തിമൊഥെയോസ് 3:15). ഇരുട്ടിൻെറ അധികാരത്തിൽ നിന്നു ദൈവം നമ്മെ വിടുവിച്ചു തൻെറ പുത്രൻെറ രാജ്യത്തിലേക്കു ആക്കിവെക്കയും ചെയ്തിരിക്കുന്നു എന്നു കൊലൊസ്യർക്കു എഴുതുമ്പോൾ പറയുന്നു (കൊലൊസ്യർ 1:13). ദൈവരാജ്യത്തിലുള്ളവരും സഭയിലുള്ളവരും കർത്താവിൻെറ രക്തത്താൽ സമ്പാദിക്കപ്പെട്ടവരാണ്. അതുകൊണ്ട് പ്രിയരെ, ദൈവത്തിൻെറ മുന്നറിയിപ്പ് സഭയെ സംബന്ധിച്ചും ഉണ്ടായിരുന്നു. അതു നിറവേറുകയും ചെയ്തു. അതുകൊണ്ടു മനുഷ്യനിർമ്മിതമായ സഭകളല്ല നമുക്ക് ആവശ്യം. പിന്നെയോ ദൈവത്താൽ സ്ഥാപിച്ചതായ സഭയാണ്.

★

(14-ാം പേജിന്റെ തുടർച്ച)

ആധികാരികമായി പറയുകയും ആളുകളെക്കൊണ്ടു ചെയ്യിക്കയും ചെയ്യുന്ന ഉപദേഷ്ടാക്കന്മാരും ക്രിസ്ത്യാനികൾ എന്നു പറയപ്പെടുന്നവരും അതിന്റെ ഗൗരവം തിരിച്ചറിയാത്തതു കഷ്ടം തന്നെ. കർത്താവിന്റെ നാമത്തിലാണ് അവർ ഇതെല്ലാം ചെയ്യുന്നത് എന്ന് ഓർക്കണം. ഇത്തരം ആളുകളെ സംബന്ധിച്ച് യേശുക്രിസ്തു സൂചിപ്പിച്ചതു നോക്കുക. ''ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു'' (മത്തായി 15: 8-9).

മററൊരവസരത്തിൽ ഇതുപോലുള്ള ആളുകൾക്കു അവസാനം എന്തു പററും എന്നു പറയുന്നുണ്ട്. ''കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും'' (മത്തായി 7:22-23). ന്യായവിധി ദിവസം അനേകം ഉപദേഷ്ടാക്കന്മാർ വന്നു ദൈവരാജ്യത്തിലേക്കു തങ്ങളെയും ചേർത്തുകൊള്ളേണമെന്നു അപേക്ഷിക്കുക മാത്രമല്ല, അതിനു അവർക്കു ചില അവകാശങ്ങളും ഉന്നയിക്കാനുണ്ടാകും. പക്ഷെ കർത്താവിനോട് ഇത്തരം ന്യായവാദങ്ങൾ നടത്തുന്നവരെ അവൻ ഒരു നാളും അറിഞ്ഞിട്ടില്ല എന്നു തീർത്തു പറയും.

★

(ശേഷം അടുത്ത ലക്കത്തിൽ)

# സാഹസം

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

സാഹസം എന്നതു കേൾക്കാത്ത നിങ്ങളോ,
സാഹസം ചെയ്യുമെന്നെങ്ങനെ ചൊല്ലുമേ,
നിന്നോടു ദ്രോഹമെന്നാരും പറഞ്ഞില്ല,
പിന്നെ നീ യെന്തിനു ദ്രോഹമതു ചെയ്യുന്നു.

കോലാഹലത്തിനാൽ വംശങ്ങളോടി പോയ്
നിന്നിലെ ശക്തിയും ബുദ്ധിയും കണ്ടവർ,
നെട്ടോട്ടമോടിയും വാടി വിയർത്തതും,
പോയെടൊത്തൊക്കെയും പുല്ലുമതില്ലഹോ.

എങ്കിലുറച്ചു നീ നില്ക്കുക സോദരാ നല്ല കാലമതു,
വന്നടുത്തീടുമേ.
രക്ഷാസമൃദ്ധിയും സ്ഥിരവാസകാലവും,
ബുദ്ധിയും ജ്ഞാനവും വന്നിടും നിശ്ചയം.
കാലപ്പഴക്കത്താൽ കോലം തിരിഞ്ഞൊ-

രു മണ്ണിലെ നരവംശമത്രയും മാഞ്ഞിടും.
മാറാത്ത വചനമോ തിന്നുക സോദരാ,
രക്ഷയിൻ വാതിലു തേടിപ്പിടിക്കുക.
അതു തന്നെ ഭൂമിയിലുത്തമ ഗീതമോ.

രക്ഷയിൻ ശബ്ദമോ, ഇന്നു നീ കേൾക്കുകിൽ,
തട്ടികളയാതെ സ്വന്തമതാക്കുക,
ഇല്ലെങ്കിലൊന്നു ഞാനോതുമേ സോദരാ,
തച്ചുന്നവൻ തന്നെ തള്ളിക്കളയുമേ.

# നിങ്ങൾ ഏതു തരത്തിലുള്ള സഭാംഗമാണ്?

W. A. ഫോലെ

കർത്താവിൻെറ സഭയിലെ അംഗങ്ങൾ സ്വയമായി പരിശോധിച്ച് തങ്ങളെത്തന്നെ വിലയിരുത്തേണ്ട സമയമാണിത്. സഭക്കു നിങ്ങൾ വിലപ്പെട്ടവരാണോ? നിങ്ങൾ സഭക്കു നേട്ടമാണോ അതോ ബാദ്ധ്യതയാണോ? സഭയുടെ വളർച്ചക്കു നിങ്ങൾ സഹായിക്കയാണോ അതോ തടസം നിൽക്കയാണോ? നിങ്ങളുടെ താലന്തുകൾ നിങ്ങൾ ഉപയോഗിക്കയാണോ അതോ കുഴിച്ചിടുകയാണോ? (മത്തായി 25: 14-20).

പുതിയ നിയമ താളുകളിലെ ചരിത്രം പരിശോധിച്ചാൽ സഭയിൽ എല്ലായ്പ്പോഴും നല്ലവരും മോശപ്പെട്ടവരുമായ അംഗങ്ങൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അനന്യാസും സഫീറയും ഒരുദാഹരണമാണ്. കൊരിന്ത്യ സഭയിൽ അപ്പൻെറ ഭാര്യയെ വെച്ചുകൊണ്ടിരുന്നവർ ഉണ്ടായിരുന്നില്ലേ? (പ്രവൃത്തി 5:1-5; 1കൊരിന്ത്യർ 5:1-13). ഹൂമനയൊസും അലെക്സന്തരും സത്യത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി (2തിമൊഥെയോസ് 1:19-20). ഇവയെല്ലാം ഏതാനും സംഭവങ്ങളും വ്യക്തികളും മാത്രം. വിശ്വാസത്തിൽ നിലനിന്നവരേയും അതിൽ നിന്നു വീണുപോയവരേയും വേദപുസ്തകത്തിൽ വേർതിരിച്ച് കാണിച്ചിട്ടുണ്ട്.

കർത്താവിനെ പിൻപററിയവരിൽ വളരെ അകന്നു പിൻചെന്നവരുമുണ്ട്. യേശുക്രിസ്തുവിനെ ക്രൂശിൽ തറക്കുവാൻ കൊണ്ടുപോകുന്ന സമയത്ത് പത്രോസ് വളരെ ദൂരെയായി പിൻചെന്നു (മത്തായി 26:58). അനേകം സഭാംഗങ്ങൾ പത്രോസിനെ പോലെ അകന്നു നിൽക്കുന്നവർ ഉണ്ട്. അപ്പം അന്വേഷിച്ചുകൊണ്ടു സഭാംഗങ്ങൾ ആകുന്നവർ ഉണ്ട്. യേശുക്രിസ്തുവിൻെറ സമയത്തും അങ്ങനെയുള്ളവർ ഉണ്ടായിരുന്നു (യോഹന്നാൻ 6:26). ചിലർ സ്വാർത്ഥരാണ്. വ്യക്തിപരമായി അവർക്കു ചിലതു കിട്ടിയില്ലെങ്കിൽ അവർ അതൃപ്തരാകുന്നു. ആത്മാർത്ഥതയുള്ള മനോഭാവം നല്കുന്നതാണ്, വാങ്ങുന്നതല്ല (പ്രവൃത്തി 20:35).

മഹത്വം അന്വേഷിക്കുന്നവരാണ് ചില അംഗങ്ങൾ. അവരെ സ്ഥാനമാനങ്ങളിൽ കയററിയാൽ അവർ പ്രവർത്തിക്കും; ഇല്ലെങ്കിൽ ഇല്ല. ഇതു പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നോർക്കുക. ചില അംഗങ്ങൾ അത്യധികം വിമർശിക്കുന്നവരാണ്. കുററം കണ്ടുപിടിക്കാൻ അവർ സാമർത്ഥ്യം കാണിക്കുന്നു. അസൂയയാണ് ഇതിൻെറ പിന്നിലുള്ളത്. നിങ്ങൾ മററുള്ളവരുടെ തെററുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അതു വിമർശനമുനയായി മാറുമ്പോൾ അതു തിരിഞ്ഞ് നിങ്ങളെത്തന്നെ കുത്തും എന്നോർക്കുക. വിമർശനം ഒഴിവാക്കുവാൻ ഒന്നും പറയാതിരിക്കുക, അതിനു ഒന്നും ചെയ്യാതിരിക്കുക, മൗനം വിദ്വാനു ഭൂഷണം എന്നു കേട്ടിട്ടില്ലേ ?. യൂദാ, മറിയയെ വിമർശിച്ചു (യോഹന്നാൻ 12:3-8). ഏററവും നല്ല ജീവിതം നയിച്ച വ്യക്തിയായിരുന്നുവല്ലോ യേശുക്രിസ്തു. യേശുക്രിസ്തുവിനെയും ആളുകൾ വിമർശിച്ചിട്ടുണ്ട് (ഫിലിപ്പിയർ 3:18).

നിങ്ങൾ പരദൂഷണം നടത്തുന്ന വ്യക്തിയാണോ? രഹസ്യമായി മററുള്ളവരെക്കുറിച്ച് അപവാദം പരത്തുന്ന ആൾ ആണ് പരദൂഷണക്കാരൻ (2കൊരിന്ത്യർ 12:20; റോമർ 1:29;30). മററുള്ളവരുടെ കാര്യങ്ങളിൽ ഇടപെട്ടു തിരക്കു കൂട്ടി നടക്കുന്നവർ തങ്ങളുടെ കാര്യങ്ങൾ സൂക്ഷിച്ചു കൈകാര്യം ചെയ്യണം. നിങ്ങൾ മററുള്ളവരെ വ്രണപ്പെടുത്തുന്ന ആളാണോ? അതായത് മററുള്ളവരുമായി നിങ്ങൾ ഒത്തിണങ്ങി പോകുന്നതിനു പകരം കുത്തി മുറിക്കുന്ന സ്വഭാവമാണോ നിങ്ങളുടേത്? (ഫിലിപ്പിയർ 4:2). എല്ലാ ആഴ്ച്ചയിലും ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നതിൽ നിങ്ങൾക്കു ഉദാസീനതയുണ്ടോ? പാടില്ല (എബ്രായർ 10:23). സഭയുടെ വളർച്ചക്കു നിങ്ങൾ എന്താണ് ചെയ്യുന്നത്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ പങ്കാളിത്വം നിങ്ങൾ വഹിക്കാറുണ്ടോ? അതോ നാമമാത്രമായി ഏതാനും കാര്യങ്ങളിൽ ഒതുങ്ങി നില്ക്കുകയാണോ?

നിങ്ങൾ ആത്മാക്കളെ നേടുന്നവരാണോ? സുവിശേഷം മററുള്ളവരോടു അറിയിക്കാൻ നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ? ആ ശ്രമം തുടരുന്നുണ്ടോ? സുവിശേഷയോഗങ്ങളും ബൈബിൾ പഠനങ്ങളും നിങ്ങൾ പ്രോത്സാഹിപ്പിക്കാറുണ്ടോ? നിങ്ങളുടെ സ്നേഹിതരേയും ബന്ധുക്കളേയും ഇതിലേക്കു പങ്കെടുപ്പിക്കാൻ തയ്യാറായിട്ടുണ്ടോ? അതോ നിങ്ങൾ ലജ്ജിക്കയാണോ? സഭയിലെ എല്ലാ അംഗങ്ങളും അവരവർക്കു ദൈവം നൽകിയ താലന്തുകളെ എല്ലാം പൂർണ്ണ ഗൗരവത്തോടെ ഉപയോഗിച്ചാൽ സഭ തീർച്ചയായും വളരും. നിങ്ങൾ ഇന്നു മുതൽ അതിനു വേണ്ടി യത്നിക്കും എന്നു പ്രാർത്ഥിക്കുന്നു.

★

# യേശുവിനെക്കുറിച്ചു മക്കളെ പഠിപ്പിക്കൽ

ബെററി B. C

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

"ഇല്ല: എനിക്കു പ്രാർത്ഥിക്കാൻപോലും അറിഞ്ഞുകൂടാ. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? എന്റെ അമ്മ ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും എന്നെ പഠിപ്പിച്ചിട്ടില്ല. പിന്നെ ഞാൻ മാത്യുവിനെ കളിയാക്കുകയും തല്ലുകയും ഒക്കെ ചെയ്യുമ്പോൾ അമ്മ ശകാരിക്കാറുണ്ട്. പുസ്തകമെടുത്തു പഠിക്കാനും പറയും. ഇതിൽ കൂടുതൽ ഒന്നും പറയാറില്ല" തോമസിന്റെ ഉത്തരം ഇതായിരുന്നു.

അനേകം ഭവനങ്ങളിൽ ഇതു തന്നെയല്ലേ നടക്കുന്നത്? അമ്മമാർ തങ്ങളുടെ കുട്ടികൾക്കു ആത്മീയ പ്രബോധനം കൊടുക്കാറില്ല. അങ്ങനെ വളരുന്ന കുട്ടികളുടെ സ്വഭാവം കടകവിരുദ്ധമായി തീരും. ചില കുട്ടികൾ അവരുടെ ഉള്ളിൽ ഉദിക്കുന്ന ചോദ്യങ്ങൾ അവരുടെ അപ്പനോടും അമ്മയോടും ചോദിച്ചു മനസിലാക്കും. അന്തമില്ലാത്ത ചോദ്യങ്ങൾകൊണ്ട് മാതാപിതാക്കളെ അമ്പരപ്പിക്കുന്നവരുമുണ്ട്. എന്നാൽ എല്ലാ ചോദ്യങ്ങൾക്കും നാം അറിഞ്ഞിരിക്കേണ്ട ഉത്തരം ദൈവത്തിന്റെ പുസ്തകത്തിൽ ഉണ്ട്.

"നിന്റെ ഹൃദയത്തിൽ നിന്നും പൊങ്ങിവരുന്ന സംശയങ്ങളും ദൈവത്തെക്കുറിച്ചും ദൈവീക കാര്യങ്ങളെക്കുറി

ച്ചും എപ്പോഴെങ്കിലും നീ ശാന്തമായി ചെന്നു അപ്പനോടും അമ്മയോടും ചോദിച്ചിട്ടുണ്ടോ''? മേരി അവനോടു ചോദിച്ചു.

''ഇല്ല; അതെങ്ങനെ അവരോടു ചോദിക്കും? ചോദിച്ചാൽ തന്നെ അവർ എൻെറ സംസാരത്തിനു ചെവി തരുമോ? പലപ്പോഴും ഞാൻ പറയുന്നതു അവർ ശ്രദ്ധിക്കാറേയില്ല. എൻെറ ഉള്ളിൽ തോന്നുന്നതെല്ലാം ഞാൻ അടക്കിവെക്കും. കുറെ കഴിയുമ്പോൾ അതു നീങ്ങിപ്പോകും'' തോമസ് പ്രതിവചിച്ചു.

''എനിക്കതിൽ ദുഃഖമുണ്ട്'' മേരി പറഞ്ഞു. എല്ലാ കുട്ടികളുടേയും ഹൃദയാന്തർഭാഗത്തുള്ള കാര്യങ്ങൾ അവരുടെ മാതാപിതാക്കളോടു അറിയിക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരിക്കണം. അപ്പൻെറയും അമ്മയുടേയും വാക്കുകൾ മക്കളുടെ ജീവിതത്തിൽ സഹായിയായി തീരണം. അവർ തങ്ങളുടെ കുട്ടികൾക്കു വേണ്ട മാർഗ്ഗനിർദ്ദേശം കൊടുക്കണം. തോമസിനും അവൻെറ മാതാപിതാക്കളിൽ നിന്നു ഇതു കിട്ടണം. നിൻെറ അപ്പനോ അമ്മയോ തിരക്ക് ഇല്ലാതെ ഇരിക്കുന്ന സമയത്ത് അവരുടെ അടുക്കൽ ചെന്നു ശാന്തമായി നിൻെറ ഉള്ളിലുള്ള വിചാരങ്ങളും ചിന്തകളും അവരോടു പങ്കുവെക്കണം. അവരെ അലോസരപ്പെടുത്തുന്ന വിധത്തിൽ ആയിരിക്കരുത്. സൌമ്യമായി കാര്യങ്ങൾ ചോദിക്കണം.

പരസ്പരം ഉണ്ടാകേണ്ട ആഴമായ സ്നേഹബന്ധത്തിനു പകരം ഇന്നു ആളുകൾക്കിടയിൽ മറ്റെന്തിനെക്കാളും മുറിവുണ്ടാകുവാൻ കാരണം അവർ തമ്മിലുള്ള ആശയവിനിമയക്കുറവു തന്നെയാണ്. ഭാര്യാ ഭർത്താക്കൻമാർ തമ്മിൽ, മാതാപിതാക്കളും മക്കളും തമ്മിൽ, സഹോദരൻമാരും സഹോദരിമാരും തമ്മിൽ, സ്നേഹിതന്മാർ തമ്മിൽ, ആത്മീയസഹോദരങ്ങളും സഹോദരിമാരും എന്നുതുടങ്ങി എല്ലാവരിലും ഇതു ശരിയാണ്. അങ്ങനെയുള്ള എല്ലാവ

രും ഒന്നുകിൽ ജനനത്താലോ, തിരഞ്ഞെടുപ്പിനാലോ, അല്ലെങ്കിൽ ആത്മീയ ജനനത്താലോ ഓരോരുത്തരും അന്യോന്യം ആഴമേറിയതും ആത്മാർത്ഥമായതുമായ കരുതലും സ്നേഹവും പ്രതീക്ഷിക്കുന്നു.

എന്നിട്ടും ഈ സ്നേഹം പലപ്പോഴും നിശബ്ദമാണ് ഹൃദയത്തിനുള്ളിൽ ഉള്ള കാര്യങ്ങൾ പ്രകടിപ്പിക്കാൻ ആരും ശ്രമിക്കാറില്ല. വേദന, അറിയാതിരിക്കുന്നു; സന്തോഷം പങ്കിടാതിരിക്കുന്നു; അന്യോന്യമുള്ള അടുപ്പം മിക്കപ്പോഴും ചിരിച്ചു കളയുന്നു. അതുകൊണ്ടു ആളുകൾ തങ്ങളുടെ വികാരങ്ങളും വിചാരങ്ങളും ഉള്ളിൽ അടക്കുന്നു.

നിങ്ങളുടെ വീട്ടിൽ, ആത്മാർത്ഥമായ സ്നേഹം തുറന്നു സ്വതന്ത്രമായി നിങ്ങൾ പ്രകടിപ്പിക്കാറുണ്ടോ ? രക്ഷകർത്താക്കളായ നിങ്ങൾ നിങ്ങളുടെ കുട്ടികളുടെ മുമ്പിൽ നിങ്ങൾക്ക് അവരോടുള്ള സ്നേഹം കാണിക്കാറുണ്ടോ ? ഉദാഹരണമായി പറഞ്ഞാൽ, പപ്പ എത്ര നിന്നെ സ്നേഹിക്കുന്നു എന്നറിയാമോ ? മമ്മി നിന്നെ എത്ര കരുതുന്നു എന്നറിയാമോ ? നീ എനിക്കു എത്ര നല്ലവൻ ആണ്! നീ എനിക്കു എത്ര നല്ലവളാണ്!, "നിന്നെ എനിക്കു തന്ന ദൈവം എത്ര നല്ലവൻ'' ഇങ്ങനെയുള്ള പ്രസ്താവനകൾ അവരുടെ മനസ്സു തണുപ്പിക്കും.

നിങ്ങളുടെ കുട്ടികളുടെ ഉള്ളിന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന വികാരവിചാരങ്ങൾ പങ്കിടുവാൻ അവരെ നിങ്ങൾ പഠിപ്പിക്കാറുണ്ടോ ? കുട്ടികളുടെ നൻമയ്ക്കും ഉയർച്ചയ്ക്കും പരിശീലനവേളയിൽ ഒഴിച്ചുകൂടാൻ പററാത്ത ഒന്നാണ് ഇത്. അങ്ങനെ അവർ വളർന്നു ഭാര്യമാരും ഭർത്താക്കൻമാരും മാതാപിതാക്കളും ആയി തീരുമ്പോൾ അവർക്ക് അതു വളരെ പ്രയോജനപ്പെടും.

വിശ്വാസത്തോടെ അന്യോന്യം സംസാരിക്കയും സ്നേഹിക്കയും ചെയ്യുന്നതു ഇത്രമാത്രം പ്രാധാന്യമുള്ള കാര്യ

മാണെങ്കിൽ ആളുകൾ ഇതിനെ അവഗണിച്ചു കളയാൻ കാരണമെന്ത്? പല കാരണങ്ങൾ ഉണ്ട്.

★ ആളുകൾ ജീവിതത്തിന്റെ തിരക്കിൽ പെട്ട്, ശാന്തമായി അന്യോന്യം വേണ്ട വിധത്തിൽ സംസാരിക്കാൻ സമയം കണ്ടെത്താറില്ല.

★ പലപ്പോഴും ജനങ്ങൾ, മററുള്ളവരുടെ കണ്ണുകളിലേക്കു ശ്രദ്ധ തിരിക്കയോ അവരുടെ ആവശ്യങ്ങൾ മനസിലാക്കുകയോ ചെയ്യുന്നില്ല. അവരുടെ നാഡീസ്പന്ദനത്തോടു പ്രതികരിക്കുന്നില്ല.

★ തങ്ങളിലുള്ള ഭയം, പ്രത്യാശ, ആവശ്യങ്ങൾ, വിചാരങ്ങൾ എന്നിവ തുറന്നു പറഞ്ഞാൽ മററുള്ളവർ എന്തു വിചാരിക്കും? അവർ കളിയാക്കിയാലോ എന്നെല്ലാം വിചാരിച്ച് ഉള്ളിൽ ഒതുക്കുന്നവരുമുണ്ട്. അവർ ബലഹീനരാണ്, ഭീതിയാണ് അവരെ കീഴ്പ്പെടുത്തുന്നത്. അവർ പങ്കിട്ടാൽ ഈ കാര്യങ്ങളെ അവർ നാട്ടിൽ പാട്ടാക്കിയാലോ എന്നു ഭയപ്പെടുന്നവരും ഉണ്ട്.

★ ചിലപ്പോൾ മാതാപിതാക്കളും തങ്ങളുടെ മക്കളും തമ്മിൽ ആശയ വിനിമയത്തിന്റെ ശക്തമായ പാലം തന്നെ പണിയുവാൻ കഴിയുമെന്ന കാര്യം അവർ തിരിച്ചറിയുന്നില്ല. മാതാപിതാക്കൾ നല്ല രീതിയിൽ ആശയ വിനിമയം നടത്താതിരുന്നാൽ ആ മക്കൾ സമൂഹത്തിലും ആശയ വിനിമയം നടത്താൻ മടിക്കും. പ്രായപൂർത്തി ആയാലും ഇങ്ങനെ വളരുന്നവർക്കു ആളുകളെ അഭിമുഖീകരിക്കാൻ പ്രയാസമായി തീരും എന്നതാണ് ഫലം.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9 15 P M.
Fridays — 7.45 to 8 00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2 45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

You are Cordially Invited
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To